STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.109/PR/SPMC/PHQ/2022 Date:10.06.2022

## മികച്ച പോലീസ് സ്റ്റേഷനുള്ള പുരസ്‌കാരം ഒറ്റപ്പാലം പോലീസ് സ്റ്റേഷനു സമ്മാനിച്ചു

കഴിഞ്ഞവർഷം കേരളത്തിലെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനായി കേന്ദ്രആഭ്യന്തരമന്ത്രാലയം തിരഞ്ഞെടുത്ത ഒറ്റപ്പാലം പോലീസ് സ്റ്റേഷന് സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് സർട്ടിഫിക്കറ്റ് സമ്മാനിച്ചു. നിലവിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ വി.ബാബുരാജ്, കഴിഞ്ഞവർഷം സ്റ്റേഷൻ ഹൗസ് ഓഫീസർമാർ ആയിരുന്ന ജയേഷ് ബാലൻ, എം.സുജിത്ത് എന്നിവർ പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ബഹുമതി ഏറ്റുവാങ്ങി.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളിൽ സ്വീകരിച്ച നടപടി, കേസുകളിലെ അന്വേഷണ പുരോഗതി, പരാതി പരിഹാരം, പരാതിക്കാരോടുള്ള നല്ലപെരുമാറ്റം, ക്രമസമാധാനപാലനം, കുറ്റകൃത്യങ്ങൾ തടയാനുള്ള നടപടികൾ എന്നിവയിലെ മികവും മറ്റ് ജനക്ഷേമപ്രവർത്തനങ്ങളും പരിഗണിച്ചാണ് ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ പുരസ്ക്കാരത്തിന് അർഹമായത്.

2021 ൽ രജിസ്റ്റർ ചെയ്ത 828 കേസുകളിൽ ഭൂരിഭാഗത്തിലും അതിവേഗം അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കാൻ ഒറ്റപ്പാലം പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർക്കായി. അതീവ പ്രാധാന്യമുള്ള കൊലപാതകക്കേസുകൾ, പോക്സോ കേസുകൾ എന്നിവയിലുൾപ്പെടെ കുറ്റവാളികളെ അറസ്റ്റ് ചെയ്ത് 90 ദിവസത്തിനുള്ളിൽ കുറ്റപത്രം സമർപ്പിക്കാൻ കഴിഞ്ഞതും നേട്ടമായി. ഒറ്റപ്പാലം മുൻസിപ്പാലിറ്റി, ലക്കിടിപേരൂർ, അമ്പലപ്പാറ, വാണിയംകുളം, അനങ്ങനടി പഞ്ചായത്തുകൾ എന്നിവ ഉൾപ്പെടുന്ന സ്റ്റേഷൻ പരിധിയിലെ മികച്ച ക്രമസമാധാനപാലനം, പൊതുജനസേവനം എന്നിവയും അവാർഡിന് പരിഗണിക്കപ്പെട്ടു.

പോലീസ് സ്റ്റേഷന്റെയും പരിസരത്തിന്റെയും ശുചിത്വം, അടിസ്ഥാനസൗകര്യങ്ങൾ, സ്റ്റേഷൻ റിക്കോർഡുകളുടെ പരിപാലനം എന്നീ മാനദണ്ഡങ്ങളിലും ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ മികച്ച നിലവാരം പുലർത്തി. സ്ത്രീസൗഹൃദ, ശിശുസൗഹൃദ പോലീസ് സ്റ്റേഷനായ ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽ അഞ്ച് വനിതാപോലീസ് ഉദ്യോഗസ്ഥരുൾപ്പെടെ 53 പേർ ജോലിനോക്കുന്നു. നിലവിലെ എസ്.എച്ച്.ഒ വി.ബാബുരാജിന് പുറമെ ട്രെയിനിങ്ങിനായി എത്തിയ എ.എസ്.പി ടി.കെ വിഷ്ണുപ്രദീപ്, ഇൻസ്‌പെക്ടർമാരായ എം.സുജിത്ത്, ജയേഷ് ബാലൻ എന്നിവരാണ് 2021 ൽ സ്റ്റേഷൻചുമതല വഹിച്ചിരുന്നവർ.

ഫോട്ടോ ക്യാപ്ഷൻ: സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനുള്ള കേന്ദ്രആഭ്യന്തരമന്ത്രാലയത്തിന്റെ പുരസ്ക്കാരം ഒറ്റപ്പാലം സ്റ്റേഷൻ ഹൗസ് ഓഫീസറും മുൻ എസ്.എച്ച്.ഒമാരും സംസ്ഥാന പോലീസ് മേധാവി അനിൽ കാന്തിൽ നിന്ന് സ്വീകരിക്കുന്നു.

*************************